# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2118 | 22.01.2014-ൽ മറുപടിയ്ക്ക്

## നായരമ്പലം ശ്രീ. സാബുവിനെ പോലീസ് മർദ്ദിച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട, നായരമ്പലം നെടുങ്ങാട് മൂലേത്തറ വീട്ടിൽ ശ്രീ. സാബു എന്ന യുവാവിനെ പോലീസ് കസ്റ്റഡിയിൽ വച്ച് ക്രൂരമായി തല്ലിച്ചതച്ച സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) പോലീസ് കസ്റ്റഡിയിൽ വച്ച് ക്രൂരമായി തല്ലിച്ചതച്ച സംഭവം ഉണ്ടായിട്ടില്ല. |
| (ബി) പോലീസ് കസ്റ്റഡിയിലെടുത്തത് ഏത് ദിവസം എത്ര മണിക്കാണെന്നും, എവിടെ നിന്നെന്നും കസ്റ്റഡിയിലെടുക്കുന്നതിനുള്ള കാരണമെന്താണെന്നും, ടിയാന്റെ പേരിൽ പരാതി ലഭിച്ചിരുന്നുവോ എന്നും വ്യക്തമാക്കാമോ ; | (ബി) നായരമ്പലം വില്ലേജിൽ നെടുങ്ങാടുകരയിൽ കാപ്പിൽചിറ ഭാഗത്ത് പുതുപ്പറമ്പിൽ വീട്ടിൽ ബാബു മകൻ നിവേദ് എന്നയാളുടെ അമ്മയെ ടിയാന്റെ അച്ഛൻ കൂട്ടിക്കൊടുത്താണ് ജീവിക്കുന്നത് എന്ന് നായരമ്പലത്തുള്ള മൂലേത്തറ സാബു പറഞ്ഞു നടക്കുന്നതിനെപ്പറ്റി ടി നിവേദ്, സാബുവിനോട് ചോദിച്ചതിലുള്ള വിരോധത്താൽ ടി നിവേദിനേയും അച്ഛൻ ബാബുവിനെയും സുഹൃത്തിനേയും ടിയാൻ കയ്യിൽ കരുതിയിരുന്ന കത്തികൊണ്ട് കുത്തിയതിൽ വച്ച് |

| | | | |
|---|---|---|---|
| | | | നിവേദിന്റെ തലയ്ക്കു പുറകിലും ഇടതു ചെവിയിലും അച്ഛൻ ബാബുവിന്റെ ഇടതുചെവിക്കു പുറകിലും സുഹൃത്ത് ശ്രീകുമാറിന്റെ വലതു കൈപ്പത്തിയിലും പരിക്കേൽക്കാൻ ഇടയായ കാര്യത്തിന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം 1834/2013 യു/എസ് 308 ഐ.പി.സി ആയി രജിസ്റ്റർ ചെയ്ത കേസിലേക്ക് ടി സാബുവിനെ 8.11.13-ാം തീയതി വൈകുന്നേരം 5.15 മണിക്ക് പറവൂർ ഭാഗത്തുനിന്നും കസ്റ്റഡിയിൽ എടുത്തിട്ടുള്ളതാണ്. |
| (സി) | ടിയാന്റെ പേരിൽ മുൻകാലത്ത് ഏതെങ്കിലും ക്രിമിനൽ കേസ് നിലവിലുണ്ടായിരുന്നുവെങ്കിൽ വിശദീകരിക്കാമോ ; | (സി) | ടിയാന്റെ പേരിൽ മുൻകാലത്ത് ക്രിമിനൽ കേസുകൾ നിലവിലില്ല. |
| (ഡി) | ഈ യുവാവ് ഉൾപ്പെട്ട കേസിലെ എതിർകക്ഷികൾ ആരൊക്കെയാണെന്നും ഇവരുടെ പേരിൽ മുൻകാല കേസുകളുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ ; | (ഡി) | ശ്രീ. നിവേദ്, S/o ബാബു, പുതുപ്പറമ്പിൽ, കാപ്പിൽചിറ, നെടുങ്ങാട് എന്നയാളാണ് വാദി. ടിയാനെതിരെ കേസുകളൊന്നും നിലവിലില്ല. |
| (ഇ) | പോലീസ് മർദ്ദനത്തിനെതിരെ പരാതി നൽകിയതെന്നാണെന്നും ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് പരാതിപ്പെട്ടതെന്നും വ്യക്തമാക്കാമോ ? | (ഇ) | പോലീസ് മർദ്ദനം ആരോപിച്ചുകൊണ്ട് 28.11.13, 2.12.13, 13.1.14 എന്നീ തീയതികളിലായി പരാതികൾ ലഭിച്ചിട്ടുണ്ട്. പോലീസ് ഇൻസ്പെക്ടർ ഞാറയ്ക്കൽ, എസ്.ഐ ഞാറയ്ക്കൽ, കണ്ടാലറിയാവുന്ന പോലീസുകാർ എന്നിവർക്കെതിരെയാണ് പരാതിയിൽ ആരോപണം ഉന്നയിച്ചിട്ടുള്ളത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**